11196
31.9.15

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം – ശ്രീ.രാമചന്ദ്രൻ മുതൽ പേർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച ഒ.എ.341/15 നമ്പർ കേസിന്റെ 04/05/2015-ലെ ഉത്തരവിന്മേൽ തീർപ്പുകല്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.396/2015/വനം    തീയതി,തിരുവനന്തപുരം, 25/08/2015

---

പരാമർശം: 1) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.341/15 നമ്പർ കേസിലെ 04/05/2015-ലെ ഉത്തരവ്

2) ശ്രീ.രാമചന്ദ്രൻ മുതൽ പേരുടെ 23/12/2015-ലെ അപേക്ഷ.

## ഉത്തരവ്

വനം വകുപ്പിൽ ദിവസക്കൂലി വാച്ചറായി ജോലി നോക്കിവരുന്ന ശ്രീ.രാമചന്ദ്രൻ മുതൽ പേർ തങ്ങൾക്ക് വനം വകുപ്പിൽ സ്ഥിര നിയമനം നൽകണം എന്നഭ്യർത്ഥിച്ച് സൂചന 2 പ്രകാരം (Annexure A2) സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഈ വിഷയത്തിൽ ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒ.എ.341/15 കേസ് ഫയൽ ചെയ്യുകയും 04/06/2015-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം 1 പ്രകാരമുള്ള ഉത്തരവുപ്രകാരം ടിയാൻമാർ സർക്കാരിനു സമർപ്പിച്ച Annexure A2 അപേക്ഷ നിലവിലെ നിയമപ്രകാരം പരിശോധിച്ച് ടിയാൻമാർക്ക് നേരിൽ കേൾക്കാൻ അവസരം നൽകി തീർപ്പാക്കുവാൻ ഉത്തരവായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.രാമചന്ദ്രൻ മുതൽ പേരെ 04/05/2015-ൽ നേരിൽ കേൾക്കുകയുണ്ടായി.

2) തട്ടേക്കാട് പക്ഷി സങ്കേതത്തിലും ഇടുക്കി വന്യജീവി സങ്കേതത്തിലും താൽക്കാലിക അടിസ്ഥാനത്തിൽ ദിവസവേതനത്തിൽ ജോലി ചെയ്തുവരുന്നവരാണ് പരാതിക്കാർ. അതാത് വർഷത്തെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അടങ്കലുകൾ തയ്യാറാക്കിയാണ് അത്യാവശ്യ ഘട്ടങ്ങളിൽ വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ ദിവസവേതനത്തിൽ ജോലിക്കു നിയോഗിച്ചുവരുന്നത്.

കാലങ്ങളായി വനം വകുപ്പിൽ താൽക്കാലിക അടിസ്ഥാനത്തിൽ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന തങ്ങളെ സ്ഥിരപ്പെടുത്തണമെന്ന് പരാതിക്കാർ അഭ്യർത്ഥിച്ചു.

3) ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ നിലവിലുള്ള ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തിനാൽ ശ്രീ.രാമചന്ദ്രൻ മുതൽ പേർ Annexure A2 ആയി സമർപ്പിച്ചിരിക്കുന്ന 23/12/2014 ലെ അപേക്ഷ നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം 1 ലെ ഉത്തരവ് ഇതിനാൽ പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.വി.സുധീർ**
**ജോയിന്റ് സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം
ശ്രീ.രാമചന്ദ്രൻ മുതൽ പേർ [അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന]
അഡ്വക്കേറ്റ് ജനറൽ, വഞ്ചിയൂർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ